# കെ.പി.സി.ആർ. അനുസരിച്ചുള്ള വിദ്യാഭ്യാസസഹായങ്ങൾ മെറിറ്റ് സീറ്റുകൾക്കെന്നപോലെ കമ്മ്യൂണിറ്റി - മാനേജ്മെന്റ് സീറ്റുകൾക്കും നല്കേണ്ടതാണ്

1966-ൽ നിലവിൽവന്ന കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് (KPCR) പ്രകാരം എല്ലാ സമുദായങ്ങളിലെയും സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നില്ക്കുന്നവർക്ക് മുന്നാക്ക-പിന്നാക്ക വ്യത്യാസമില്ലാതെ, ഫീസ് ഇളവും പഠനത്തിനുള്ള സാമ്പത്തികസഹായവും സർക്കാർ നല്കിവന്നിരുന്നു. പ്ലസ് വൺ മുതൽ ബിരുദവും ബിരുദാനന്തരബിരുദവും പ്രൊഫഷണൽ കോഴ്സുകളും പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം ലഭിച്ചുവരുന്നത്.

പദ്ധതി ആരംഭിച്ചസമയത്ത് മുന്നാക്കമെന്നോ പിന്നാക്കമെന്നോ ഒരു വേർതിരിവ് ഉണ്ടായിരുന്നില്ല. എന്നാൽ, പിന്നീട് ഒരു വിഭാഗത്തിന് മാത്രം വരുമാനപരിധി പലപ്പോഴായി വർദ്ധിപ്പിച്ച് ഒരുലക്ഷമായി ഉയർത്തുകയുണ്ടായി. അപ്പോഴും അവഗണിക്കപ്പെട്ടത് മുന്നാക്കവിഭാഗങ്ങളായിരുന്നു. ഈ നടപടി പദ്ധതിയുടെ ലക്ഷ്യത്തിന് ചേർന്നതല്ല എന്നു മനസ്സിലാക്കി, വരുമാനപരിധി എല്ലാവിഭാഗത്തിനും ഏകീകരിക്കുന്നതിനുവേണ്ടി നായർ സർവീസ് സൊസൈറ്റി സർക്കാരിന് നിവേദനം നല്കുകയുണ്ടായി. അതിന്റെ വെളിച്ചത്തിലാണ്, എല്ലാ വിഭാഗത്തിനും തുല്യനീതി ഉറപ്പാക്കുവാൻ, വിദ്യാഭ്യാസആനുകൂല്യത്തിനുള്ള വാർഷികവരുമാനപരിധി ഒരുലക്ഷം രൂപയാക്കിക്കൊണ്ട് 2014-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. ഈ പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ അന്നു മുതൽക്കുതന്നെ സർക്കാർതലത്തിൽ പല മാർഗ്ഗതടസ്സങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ ഇതിന്റെ വിതരണം അർഹമായ രീതിയിൽ നടന്നിട്ടുണ്ടോ എന്നുതന്നെ സംശയിക്കുന്നു.

കഴിഞ്ഞ അദ്ധ്യയനവർഷം മുതൽ ഹയർസെക്കണ്ടറിവിഭാഗത്തിലും കോളേജുകളിലെ ബിരുദ-ബിരുദാനന്തരബിരുദ-പ്രൊഫഷണൽ കോഴ്സുകൾക്കും മെറിറ്റ് സീറ്റ് ഒഴിച്ചുള്ള കമ്മ്യൂണിറ്റിമെറിറ്റ് സീറ്റിലും മാനേജ്മെന്റ് സീറ്റിലും പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം അകാരണമായി നിഷേധിച്ചിരിക്കുന്നത് അതിന് ഒരു ഉദാഹരണമാണ്.

ഇതിന്റെ ദോഷഫലം അനുഭവിക്കുന്നത്, മാനേജ്മെന്റ്സീറ്റുവഴിയും കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുവഴിയും പ്രവേശനം ലഭിച്ച എല്ലാ വിഭാഗത്തിലുമുള്ള സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിദ്യാർത്ഥികളാണ് എന്നുള്ള കാര്യം ബന്ധപ്പെട്ടവർ മനസ്സിലാക്കണം.

എല്ലാവർക്കും മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിക്കുകയില്ലല്ലോ. മാനേജ്മെന്റുകളുമായി സർക്കാർ ഉണ്ടാക്കിയിട്ടുള്ള ധാരണപ്രകാരമാണ് മാനേജ്മെന്റ് സീറ്റും കമ്മ്യൂണിറ്റി മെറിറ്റ്സീറ്റും ഉണ്ടായിട്ടുള്ളത്. അതുവഴി അഡ്മിഷൻ ലഭിക്കുന്നവർക്ക് വിദ്യാഭ്യാസആനുകൂല്യം നല്കാൻ പാടില്ല എന്നുപറയുന്നതിന്റെ യുക്തി എന്തെന്ന് മനസ്സിലാകുന്നില്ല.

ഇത് തികഞ്ഞ അനീതിയാണ്. ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടുകയും, മെറിറ്റ് - കമ്മ്യൂണിറ്റി മെറിറ്റ് - മാനേജ്മെന്റ് സീറ്റുകളിൽ അഡ്മിഷൻ ലഭിക്കുന്ന കുട്ടികളെ ഒരുപോലെ കണ്ടുകൊണ്ട്, അവർക്ക് തുല്യനീതി ഉറപ്പാക്കി, കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുകയുമാണ് സർക്കാർ ചെയ്യേണ്ടത്.

ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള അലംഭാവത്തെ സംബന്ധിച്ച് നേരിട്ട് അന്വേഷിച്ച് യുക്തമായ നടപടി എത്രയും വേഗം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് നായർ സർവീസ് സൊസൈറ്റി സംസ്ഥാനമുഖ്യമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിരിക്കുകയാണ്.